# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1513** **10.02.2020 ൽ മറുപടിയ്ക്ക്**

**കർഷക ക്ഷേമനിധി ബോർഡ്**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.കെ. ദാസൻ** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |

എ) കർഷക ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്ന രാജ്യത്തെ ആദ്യത്തെ സംസ്ഥാനം കേരളമാണോ യെന്നറിയിക്കാമോ;

ബി) ഈ ക്ഷേമനിധി ബോർഡ് വഴി കർഷകന് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

എ) & ബി) അതെ. ഈ ക്ഷേമനിധി ബോർഡ് വഴി താഴെ പറയുന്ന ആനുകൂല്യങ്ങൾ കർഷകന് നൽകുവാൻ ലക്ഷ്യമിടുന്നു.

I. അംശാദായം ഒടുക്കിയതിന്റെ അടിസ്ഥാനത്തിലും ഒടുക്കിയ വർഷത്തിന്റെ അടിസ്ഥാനത്തിലും പദ്ധതി പ്രകാരം നിശ്ചയിക്കുന്ന നിരക്കിൽ കർഷകർക്ക് 60 വയസ്സിനു ശേഷം പെൻഷൻ.

II. കർഷകന്റെ മരണാനന്തരം പദ്ധതി പ്രകാരമുള്ള അവകാശികൾക്ക് ഫാമിലി പെൻഷൻ.

III. അനാരോഗ്യം നിമിത്തമോ അവശത നിമിത്തമോ ജോലിയിൽ തുടരാൻ സാധിക്കാത്ത കർഷകർക്ക് ബോർഡ് നിശ്ചയിക്കുന്ന നിരക്കിൽ പെൻഷനും മറ്റാനുകൂല്യങ്ങളും.

IV. എല്ലാ കർഷകർക്കും ചികിത്സയ്ക്കും, പെൺമക്കളുടെ വിവാഹത്തിനും, മക്കളുടെ വിദ്യാഭ്യാസത്തിനും സ്ത്രീ അംഗങ്ങൾക്ക് വിവാഹത്തിനും പ്രസവത്തിനും ധനസഹായം.

V. അംഗങ്ങൾക്കുണ്ടാകുന്ന അപകടങ്ങൾക്കോ അപകട മരണത്തിനോ നഷ്ടപരിഹാരം.

VI. 25 വർഷം അംശാദായം അടച്ചവർക്ക് പെൻഷന് പുറമേ ഒരു നിശ്ചിത തുക.

Mayal

**സെക്ഷൻ ഓഫീസർ**